# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2087 — 17.06.2014 ൽ മറുപടിയ്ക്ക്

## കർഷക കടാശ്വാസ കമ്മീഷൻ ഉത്തരവ് പ്രകാരം എഴുതിത്തള്ളിയ തുക തിരികെ ലഭ്യമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവ് പ്രകാരം എഴുതിത്തള്ളിയ പ്രാഥമിക സഹകരണ സംഘങ്ങളുടെ വായ്പാ തുകയും പലിശയും പ്രാഥമിക സഹകരണ സംഘങ്ങൾക്ക് തിരികെ ലഭ്യാക്കുന്നതിന് സർക്കാർ തുക നീക്കിവച്ചിട്ടുണ്ടോ; | (എ) കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവ് പ്രകാരം സർക്കാർ ഏറ്റെടുക്കേണ്ട ബാധ്യത സഹകരണ സംഘങ്ങൾക്ക് തിരികെ നൽകുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് തുക അനുവദിച്ച് നൽകാറുണ്ട്. സർക്കാർ നിർദ്ദേശത്തിന് അനുസൃതമായ വകുപ്പുതല പരിശോധന നടത്തി അർഹത ഉറപ്പുവരുത്തി ടി തുക ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് / ബാങ്കുകൾക്ക് സഹകരണ സംഘം രജിസ്ട്രാർ അനുവദിച്ച് നൽകുന്നു. |
| (ബി) കർഷക കടാശ്വാസ കമ്മീഷൻ അവാർഡ് പ്രകാരം എത്ര തുകയാണ് ഇത്തരത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകുവാനുള്ളതെന്നും ഏത് കാലയളവ് മുതലുള്ള തുകയാണ് നൽകുവാനുള്ളതെന്നും അറിയിക്കുമോ; | (ബി) കർഷക കടാശ്വാസ കമ്മീഷൻ കർഷകർക്ക് നൽകിയിരുന്ന അവാർഡുകളുമായി ബന്ധപ്പെട്ട സർക്കാർ ബാധ്യത ഇനത്തിൽ 2008-09 മുതൽ 2013-14 വരെ 102.68 കോടി രൂപയാണ് സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിച്ച് നൽകിയിരുന്നത്. ടി തുകയിൽ അർഹതയുണ്ടെന്ന് കണ്ടെത്തിയ 91.04 കോടി രൂപ ഇതിനോടകം ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അനർഹമെന്ന് കണ്ടെത്തിയിരുന്ന 2.02 കോടി രൂപ സർക്കാരിലേയ്ക്കും തിരിച്ചടച്ചിട്ടുമുണ്ട്. ബാക്കി തുക കൂടി വിതരണം ചെയ്യുന്നതിനുള്ള നടപടി പുരോഗമിച്ചുവരികയാണ്. |

| | | |
|---|---|---|
| (സി) | പ്രസ്തുത തുക നൽകുമ്പോൾ മുതലും പലിശയും അടക്കം പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകുവാൻ നടപടി സ്വീകരിക്കുമോ; | (സി) കമ്മീഷൻ ശുപാർശ ചെയ്തിരുന്നതും സർക്കാർ അനുവദിച്ച് നൽകുന്നതുമായ തുകയാണ് സംഘങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ വിതരണം ചെയ്യുന്നത്. പലിശ തുക കൂടി അനുവദിച്ച് നൽകുന്നതിന് വ്യവസ്ഥയില്ല. |
| (ഡി) | ഇല്ലെങ്കിൽ പ്രാഥമിക സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകൾക്ക് നൽകുവാനുള്ള പലിശയ്ക്ക് ഇളവ് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി). ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ